REPORT OF POLICE ATROCITIES ON POLITICAL WORKERS—ACTION TAKEN

40. (165) മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി ഉത്തരം പറയുമോ.—

(എ) കാരണരഹിതമായി രാഷ്ട്രീയ പ്രവർത്തകന്മാരെ, പോലീസ് സ്റ്റേഷനുകളിലേക്കു വിളിപ്പിക്കുകയും, അവിടെ താമസിപ്പിക്കുകയും, മർദ്ദിക്കുകയും മറ്റും ചെയ്യുന്നതായി വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വല്ല നടപടിയുമെടുത്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) & (ബി) ചോദ്യം ഒരു ക്ലിപ്തകാലത്തെക്കുറിച്ചല്ലാത്തതുകൊണ്ടു് ഉത്തരം പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: തിരഞ്ഞെടുപ്പുകാലത്തു് ആരെയെങ്കിലും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചതായിട്ടു് ഗവണ്മെണ്ടിനു വല്ല ആവലാതികളും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. നോട്ടീസ്സുവേണം.

HIGH COURT JUDGE—CANCELLING OF LEAVE—REASONS REGARDING

41. (160) മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി ഉത്തരം പറയുമോ.—

(എ) ഹൈക്കോടതിയിൽനിന്നും വല്ല ജഡ്ജിമാരും ഈയിടക്കു് അവധിയെടുക്കുകയുണ്ടായൊ;

(ബി) അവധിയുടെ കാലാവധി കഴിയുന്നതിനു മുമ്പെ അവധി സ്വയം റദ്ദു ചെയ്യുകയുണ്ടായൊ;

(സി) ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) & (സി) ഹൈക്കൊടതി ജഡ്ജി മിസ്റ്റർ കോഷി, മിസ്റ്റർ എസ്സു്. ഗോവിന്ദമേനോനെ ഇലക്ഷൻ കമ്മീഷനിലേക്കു നിയമിച്ചപ്പോൾ അദ്ദേഹം എടുത്തിരുന്ന അവധി ബാക്കി റദ്ദുചെയ്യുവാൻ സമ്മതിച്ചു.

മിസ്റ്റർ കെ. ഡബ്ല്യു മരളീധരമാരാർ. ഈ അവധിക്കു് സീതാറാം കരിഞ്ചന്തക്കേസ്സുമായി ബന്ധമുണ്ടെന്നു ചില ദിനപത്രങ്ങളിൽ കണ്ടതു വാസ്തവമാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. ഗവണ്മെണ്ടിനു് അറിവില്ല.

മിസ്റ്റർ ടി. എസ്സു്. ബന്ധു. മിസ്റ്റർ വി. കെ. കെ. മേനോന്റെ രാജിയെതുടന്നല്ലെ മിസ്റ്റർ കോഷി ലീവെടുത്തതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ. അതെ, അതും കേസുമായി ബന്ധമുള്ളതായിട്ടു അറിവില്ല.

മിസ്റ്റർ ടി. എസ്സു്. ബന്ധു. മിസ്റ്റർ കോഷിയുടെ ലീവിനു സീതാറാം കേസ്സിനോടു ബന്ധം ഉണ്ടെന്നു പത്രങ്ങളിൽ കണ്ട വാർത്ത ശരിയാണോ?

മിസ്റ്റർ സി. എ. ഔസേപ്പു്. ആ വാർത്ത പത്രങ്ങളിൽ കണ്ടു. പക്ഷെ അതു ശരിയല്ല.

മിസ്റ്റർ കെ. ഡബ്ല്യു. മരളീധരമാരാർ. പത്രങ്ങളിൽ വാസ്തവരഹിതങ്ങളായിട്ടു വല്ല വാർത്തകളും കണ്ടാൽ അതു ശരിയല്ലെന്നു ഗവണ്മെണ്ടു് പ്രസ്സുനോട്ടു് പ്രസിദ്ധംചെയ്യാറുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഒരു ഹൈക്കോർട്ടു് ജഡ്ജിയെ സംബന്ധിച്ചു കാര്യമായതുകൊണ്ടു് അതു് പ്രസ്സുനോട്ടിനു് വിഷയമാക്കേണ്ട ആവശ്യമില്ലെന്നു വിചാരിച്ചു പ്രസ്സുനോട്ടു് പുറപ്പെടുവിച്ചില്ല എന്നു ബഹുമാനപ്പെട്ട മെമ്പർ ധരിച്ചാൽ കൊള്ളാം.

SIVASWAMI COMMITTEE REPORT—PUBLICATIDN OF

42. (269) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ശിവസ്വാമി കമ്മിറ്റി റിപ്പോർട്ടു് പ്രസിദ്ധീകരിക്കുവാൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു് ഇനിയും പുറത്തുവിടാൻ താമസിക്കുന്നതു് എന്തുകൊണ്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) & (ബി) പ്രസ്തുത സംഗതികളെപ്പറ്റി ഫെബ്രുവരി 28-ാംതീയതി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്സുനോട്ടു് നോക്കുക. അതു മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: അതു് പ്രസ്സിൽനിന്നും ഗവണ്മെണ്ടിന്റെ കയ്യിൽ കിട്ടുന്നതിനു് ഇനി എത്ര താമസം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: വളരെ താമസം വരുമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: എങ്കിലും എത്ര താമസമുണ്ടാകും

മിസ്റ്റർ കെ. അയ്യപ്പൻ: വേഗം അച്ചടിച്ചു കിട്ടുന്നതാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഉടനെ എന്നുള്ളതിനു വല്ല പരിധിയും കല്പിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉടനെ എന്നു പറയുന്നതു കഴിയുന്നതും വേഗം എന്നു നിശ്ചയിക്കാം.

Mr. President: I would request Hon'ble members not to prolong the questions unnecessarily, because we have to cover a large number of questions. As far as possible, all the questions should be reached, and that will serve a public purpose.

മിസ്റ്റർ സി. വി. ഐപ്പു: ഒരു മാസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുവാൻ നോക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ; നോക്കാം.

EXEMPTION OF TEACHERS OVER 35 YEARS OF AGE FROM TRAINING

43. (287) **Mr. K. A. Achuthan** *(Nominated):* Will Government be pleased to state.—

(*a*) whether teachers over 35 years of age are exempted from training;
(*b*) if so, are they given all the privileges granted to Secondary trained teachers;
(*c*) if not, why;
(*d*) the number of teachers thus exempted or not called for training ?

Mr. C. A. Ouseph *(Minister for Education and Public Health):*

(*a*) No.
(*b*) No answer is called for in view of answer to (*a*).
(*c*) No answer is called for in view of answer to (*a*).
(*d*) 428 teachers were not called for training.

43. (287) **Mr. K. A. Achuthan** *(Nominated):* May I know why the 428 teachers were not called for training in spite of their long service.

Mr. C. A. Ouseph *(Minister for Education and Public Health):* The convenience available for training the teachers has stood in the way.

Mr. K. Achuthan *(Nominated)* It is known that there was some order exempting these teachers from training.

Mr. C. A. Ouseph *(Minister for Education and Public Health):* It is not exactly exemption. It is said that they need not go for training. But they will not get the privileges of teachers who are trained.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ ട്രെയിനിംഗിനു വിളിക്കാത്തവർക്കുവേണ്ട ആനുകൂല്യം ചെയ്തുകൊടുക്കാതിരുന്നാൽ അവർക്കു വളരെ സങ്കടം അനുഭവിക്കേണ്ടിവരികയില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പു്: കുറച്ചുസങ്കടമുണ്ടാകുവാൻ വഴിയുണ്ടു്.

Mr. P. K. Dewer *(Labear)* What does Goverment mean by saying 'not exactly exemption'?

മിസ്റ്റർ സി. എ. ഔസേപ്പു്: Exempt ചെയ്തിട്ടില്ല. Exempt ചെയ്താൽ അവർക്കു ചില അവകാശങ്ങളുണ്ടു്. നമ്മുടെ കൊല്ലംകഴിഞ്ഞവരെ Exempt ചെയ്യുന്നില്ലെങ്കിലും അവരെ ട്രെയിനിംഗിനു അയക്കാറില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ട്രെയിനിംഗിനുപോകുവാൻ തയ്യാറുള്ളവരെ ട്രെയിനിംഗിനു വിളിക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. ഔസേപ്പു്: അവരുടെ സ്വന്തം ചിലവിൽ ട്രെയിനിംഗിനു പോകുവാൻ വിരോധമില്ല.

മിസ്റ്റർ വി. കെ. ജോസഫ്: നമ്മിലും സീനിയറായവരെ സ്റ്റെപ്പൻഡ് കൊടുത്തു് ഗവണ്മെണ്ടിൽനിന്നും ട്രെയിനിംഗിനു വിളിച്ചതായിട്ടു അറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly